# G4 Ministerial Joint Press Statement

September 23, 2020

---

## G4 മന്ത്രിതല സംയുക്ത മാധ്യമ പ്രസ്താവന

സെപ്റ്റംബർ 23, 2020

1. 2020 സെപ്റ്റംബർ 23 ന്, ബ്രസീൽ വിദേശകാര്യമന്ത്രിയായ ഏർനെസ്റ്റോ അറൂസോ, ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ:സുബ്രമണിയം ജയശങ്കർ, ജപ്പാൻ വിദേശകാര്യാമന്ത്രി മോറെജി തോഷിമിത്സു, ജർമനി വിദേശകാര്യമന്ത്രി ഹെയ്ക്കോ മാസിന്റെ അഭാവത്തിൽ ഫെഡറൽ ഫോറിൻ ഓഫീസ് മന്ത്രി നെയിൽസ്അന്നെൻ എന്നിങ്ങനെ G4 രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാർ വിർച്വലായി യുണൈറ്റഡ് നേഷൻസ് ജനറൽ അസ്സെംബ്ളിയുടെ 75 മത് സെഷനിൽ കൂടികാഴ്ചനടത്തി.

2."75 വർഷങ്ങൾക്കു മുൻപ് ഐക്യരാഷ്ട്ര സഭ രൂപീകരിക്കപ്പെടുന്ന സമയത്തെ ലോകമല്ല ഇന്നുള്ളത്.കൂടുതൽ രാജ്യങ്ങളും കൂടുതൽ ആളുകളും എന്നാൽ കൂടുതൽ പരിഹാരങ്ങളുമുണ്ട്. നമ്മുടെ പ്രവർത്തന രീതികൾ അനുയോജ്യമായവയും ഉചിതമായ ഗതിയിൽ ഉള്ളവയുമായിരിക്കണം.(...) ഐക്യരാഷ്ട്രസഭയുടെ പ്രധാനപ്പെട്ട മൂന്നു വിഭാഗങ്ങൾ നവീകരിക്കുന്നതിനുള്ള പ്രഖ്യാപനം ഞങ്ങൾ വീണ്ടും ആവർത്തിക്കുകയാണ്. സുരക്ഷാ കൗൺസിൽ നവീകരിക്കുന്നതിനുള്ള ചർച്ചകൾക്ക് പുതുജീവൻ നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്."

2005 ലെ ആഗോള ഉച്ചകോടിയിൽ സംസ്ഥാന രാഷ്ട്രത്തലവന്മാർ മുഖേനെ വിഭാവനം ചെയ്ത സുരക്ഷാകൗൺസിലിന്റെ എത്രയും പെട്ടന്നുള്ള സമഗ്രമായ നവീകരണത്തിനായി തീരുമാനിച്ചുകൊണ്ടുള്ള ഞങ്ങളുടെ ചുവടുകൾ ഉറപ്പാക്കുന്ന രീതിയിൽ ഉള്ളവയായിരുന്നു സംസ്ഥാന രാഷ്ട്ര തലവന്മാർ സ്വീകരിച്ചിട്ടുള്ള പ്രസ്താവനയിൽനിന്നുള്ള ഈ വാക്കുകൾ.

3. ഇത് കണക്കിലെടുത്തുകൊണ്ട്, ഐക്യരാഷ്ട്ര സഭ പരിഷ്കരിക്കുന്നതിനും, സമകാലീന യാഥാർഥ്യങ്ങളെ നന്നായി പ്രതിഫലിപ്പിക്കുന്ന രീതിയിൽ അതിന്റെ നിർണയങ്ങൾ എടുക്കുന്നതിനുള്ള വിഭാഗങ്ങളെ നവീകരിക്കുന്നതിനുമുള്ള അതിയായ ആവശ്യകതയെക്കുറിച്ചു G4 മന്ത്രിമാർ ചൂണ്ടികാണിച്ചു. ഈ നടപടികൾ താളം തെറ്റിക്കുന്നതിനുള്ള ശ്രമങ്ങളിൽ G4 മന്ത്രിമാർ നിരാശപ്രകടിപ്പിച്ചു കൂടാതെ ഐക്യരാഷ്ട്ര സഭയുടെ 75 മത് വാർഷികത്തിൽ ഈ പ്രശ്നത്തെ അത്യവശ്യമായി തന്നെ ഫലപ്രദമായ രീതിയിൽ അഭിസംബോധന ചെയ്യാനുള്ള പ്രതിബദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

4. മറ്റു ഇരു വിഭാഗങ്ങളുടെയും വികസിത രൂപമായി സുരക്ഷാ കൗൺസിൽ നവീകരിക്കുന്നത്, ഈ വിഭാഗത്തെ കൂടുത പ്രതിനിധ്യപരവും, നിയമാനുസൃത

കാര്യക്ഷമവുമാക്കുന്നതിൽ ഒഴിച്ചുകൂടാനാവാത്തതാണ്, ഇത് വഴി ഇന്ന് ആഗോളതലത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര സമാധാനം സുരക്ഷാ എന്നിവ സംബന്ധിച്ചുള്ള ചോദ്യങ്ങളിലെ സങ്കീർണമായ വെല്ലുവിളികളെ നേരിടുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കാവുന്നതുമാണ്. സുരക്ഷാ കൗൺസിൽ നവീകരിക്കപ്പെടുന്നതിലൂടെ മാത്രമേ ഇത് കാലാഹരണപ്പെടുന്നത് ഒഴിവാക്കാനാകൂ. സുരക്ഷ കൗൺസിലിലെ ബോർഡർ അംഗത്വത്തിൽ ആഫ്രിക്കയിൽ നിന്നുൾപ്പടെ, അന്തരാഷ്ട്ര സമാധാനത്തിനു സുരക്ഷയ്ക്കും സംഭാവന ചെയ്യുന്നതിനുള്ള ശേഷിയും കഴിവുമുള്ള രാജ്യങ്ങളുടെ വർധിച്ചതു മികച്ച രീതിയിലുള്ളതുമായ പ്രാതിനിധ്യം, ഇതിന്റെ വിസ്വാസ്ഥ്യ സൂക്ഷിക്കുകയും നിലവിലെ അന്താരഷ്ട്ര പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള രാഷ്ട്രീയമായ പിന്തുണ നൽകുകയും ചെയ്യുന്നു.

5. സുരക്ഷാ കൗൺസിൽ നവീകരിക്കുന്നതിനായി ഇത് വരയും ഫലപ്രദമായ ഇന്റർ ഗവൺമെന്റൽ നെഗോസിയേഷനുകൾ(IGN) അഥവാ സർക്കാരുകൾക്കിടയിലുള്ള ചർച്ചകൾ ഒന്നും തന്നെ നടക്കാത്തതിൽ G4 മന്ത്രിമാർ ആശങ്ക പ്രകടിപ്പിച്ചു കൂടാതെ ഫെബ്രുവരിയിലെ മാർച്ചിലും നടന്ന IGN ന്റെ രണ്ടു സെഷനുകൾ അവസാനിപ്പിച്ചതിൽ പിന്നെ കോവിഡ്-19 നെ തുടർന്ന് യോഗങ്ങൾ ഒന്നും തന്നെയില്ലാതിരുന്നതും ആശങ്കയുളവാക്കുന്ന വസ്തുതയാണ്. എന്നിരുന്നാലും മുൻപത്തെ സെഷന് ശേഷമുള്ള പുരോഗതി കണക്കാക്കുന്നതിനു വിർച്ചൽ യോഗങ്ങളോ എഴുത്തു നടപടികളോ നടത്താവുന്നതാണ്.

6. ഈ പുരോഗതി എസുൽവിനി സമവായം സിർട്ടെ പ്രഖ്യാപനം എന്നിവയിലേതുപോലെ കോമൺ ആഫ്രിക്കൻ പൊസിഷന്റെ പ്രതിഫലനവും ഉൾപ്പെടുത്താമായിരുന്നു.അടുത്തിടെ നടന്ന സെഷനും തെളിയിക്കുന്നത് IGN ൽ ആവശ്യമായ സ്വതന്ത്രതയും സുതാര്യതയും ഇല്ലായെന്നും പ്രവർത്തന രീതികളിൽ പിഴവുകൾ ഉണ്ട് എന്നുമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ ചാർട്ടറിലും ജനറൽ അസ്സെംബ്ളിയുടെ ചട്ടങ്ങളിലും നടപടിക്രമങ്ങളും ഉള്ള പ്രവർത്തന രീതികളും തീരുമാനങ്ങളെടുക്കുന്നതിനുള്ള യോജ്യതകളും മുഖേനെ IGM നയിക്കപ്പെടേണ്ടതാണ്..

7. സർക്കാരുകൾ തമ്മിൽ വസ്തുതാപരമായ പ്രസ്താവനകൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ നടക്കുന്നില്ല എങ്കിൽ പൊതു പ്രസ്താവനകളിൽ മാത്രം ഊന്നിയുള്ള ചർച്ചകൾ പിൻതള്ളേണ്ട സമയം എത്തിയിരിക്കുന്നുവെന്നു G4 മന്ത്രിമാർക്കിടയിൽ ബോധ്യപ്പെട്ടിരിക്കുന്നു. ഐക്യരാഷ്ട്ര സഭയിലെ കൂടുതൽ അംഗരാജ്യങ്ങളും സുരക്ഷാ കൗൺസിലിന്റെ സമഗ്രമായ നവീകരണത്തെ ദൃഢമായി പിന്തുണയ്ക്കുകയും ഐക്യരാഷ്ട്ര സഭയുടെ 75 മത് വാർഷികമാകുമ്പോഴേക്കും IGN ദൃഢമായ തീരുമാനങ്ങൾ എടുക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.നിലവിലെ സെഷനിൽ IGN തൊട്ടു മുൻപുള്ള സെഷന്റെ നേരിട്ടുള്ള തുടർച്ചയായി നടത്തേണ്ടതാണ്.

8. അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നിലനിർത്തുന്നതിനായുള്ള മഹത്തായ ചുമതലകൾ ഏറ്റെടുക്കാൻ കാര്യശേഷിയും അനുകൂലമനോഭാവവുമുള്ള നവീകരിച്ച സുരക്ഷാ കൗൺസിലിലെ സ്ഥിര അംഗങ്ങളാകുന്നതിനുള്ള സ്ഥാനാർത്ഥിത്വത്തിനു G4 മന്ത്രിമാർ പരസ്പരമുള്ള പിന്തുണ ആവർത്തിച്ചു.കൗൺസിൽ കൂടുതൽ നിയമവിധേയവും, കാര്യക്ഷമമാവും പ്രാതിനിധ്യപരവുമാക്കി മാറ്റുന്നതിന് ഐക്യരാഷ്ട്ര സഭയിൽ കൊടുത്താൽ സംഭാവനകൾ നൽകുന്ന വികസിതരാജ്യങ്ങളുടെ ചുമതലകൾ വിപുലീകരിപ്പിക്കേണ്ടതിന്റെ വ്യക്തമായ ആവശ്യകതയുണ്ട്. സെക്യൂരിറ്റി കൗസിലിൽ അംഗത്വം ഇല്ലാതെ, ഭൂഖണ്ഡത്തിനു പതിച്ചു നൽകിയ ചരിത്രപരമായ അസമത്വം തിരുത്തുന്നതിന് ആഫ്രിക്കയെ സ്ഥിര, അസ്ഥിര അംഗത്വങ്ങളിൽ പ്രതിനിധീകരിക്കാൻ അനുവദിക്കണ്ടതാണ്.
അന്തർദേശീയ സഹകരണം ആഗോള നേതൃത്വം എന്നിവയിൽ ഉള്ള അതവിശ്വാസം തിരികെ നേടുന്നതിന് സഹായിക്കുന്ന പ്രാതിനിധ്യപരമായ ഒരു യു എൻ സുരക്ഷാ കൗൺസിലാണ് നമുക്ക് ആവശ്യമായുള്ളത്.– ഇത് നിലവിലുള്ളത് പോലുള്ള പരീക്ഷണ ഘട്ടങ്ങളിൽ കൂടുതൽ അത്യാവശ്യമാണ്.

9. നവീകരണം ആവശ്യമുള്ള രാജ്യങ്ങൾ,സംഘങ്ങൾ എന്നിവയോടു കൂടി ചേർന്ന് വസ്തുതാപരമായ ചർച്ചകൾ G4 താമസം കൂടാതെ തുടരുന്നതാണ്.ജനറൽ അസ്സെംബ്ളിയുടെ 75 മത് സെഷനിൽ ദൃഢമായ ഫലങ്ങൾ ലഭിക്കുന്നതിനായുള്ള ശക്തമായ തീരുമാനം മന്ത്രിമാർ പ്രകടിപ്പിച്ചു, സുരക്ഷാ കൗൺസലിന്റെ നേരത്തെയുള്ള നവീകരണത്തിനായി ജനറൽ അസ്സെംബ്ലി പ്രസിഡണ്ട് നടത്തുന്ന പ്രവർത്തങ്ങൾക്ക് പിന്തുണ നൽകാൻ തൻ തങ്ങളുടെ സംഘത്തെ നിർദേശിക്കുകയും ചെയ്തു. ഉചിതവും ശക്തവുമായ ഐക്യരാഷ്ട്ര സഭയ്ക്കായി നമുക്ക് ഒരുമിച്ചു, ശക്തമായി പ്രവർത്തിക്കേണ്ടതുണ്ട്.

**ന്യൂ ഡൽഹി**
**23 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.